പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2178 11/02/2020-ൽ മറുപടിക്ക്

**24 മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച സർക്കാർ ഉത്തരവ്**

| ചോദ്യം.<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 24 മണിക്കൂർ പോസ്റ്റ്മോർട്ടം അനുവദിച്ച് സർക്കാർ പുറപ്പെടുവിച്ച 26.10.2015-ലെ സ.ഉ. (എം.എസ്) 239/2015/ആ.കു.വ. ഉത്തരവിന് എതിരെ കേരള മെഡിക്കോ ലീഗൽ സൊസൈറ്റി ഫയൽ ചെയ്ത 33874/2015 നമ്പർ റിട്ട് പെറ്റീഷന് എതിരെ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. ഇക്കാര്യത്തിലുള്ള കരട് വസ്തുതാ വിവരണ പത്രിക ലഭ്യമാക്കുന്നതിന് കേസിലെ എതിർകകക്ഷികളായ ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർക്ക് അടിയന്തര നിർദേശം നൽകുന്നതാണ്. |
| (ബി) ഈ കേസിൽ സർക്കാർ എതിർ കക്ഷിയാണെങ്കിൽ സർക്കാരിന് വേണ്ടി കേസ് വാദിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; | (ബി) | ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത കേസ് 2016 -ൽ പരിഗണിച്ചപ്പോൾ ശ്രീ.പി.പി.പദ്മാലയൻ എന്ന സർക്കാർ അഭിഭാഷകനാണ് സർക്കാരിന് വേണ്ടി ഹാജരായത്. അതിന് ശേഷം ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ വന്നതായി അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും കാണാൻ കഴിഞ്ഞിട്ടില്ല. |
| സി) ഈ പൊതുതാൽപര്യ വിഷയത്തിൽ വേഗത്തിൽ തീർപ്പുണ്ടാകാൻ സർക്കാരിന് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തി ഈ കേസിൽ വേഗത്തിൽ വിധിയുണ്ടാകാൻ സർക്കാർ ശ്രമിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | ഈ കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ